പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2710 **28-10-2026-ൽ മറുപടിയ്ക്ക്**

കല്ല്യാശ്ശേരി മണ്ഡലത്തിലെ വി.സി.ബി. കം ടാക്കർ വേ നിർമ്മാണ പ്രവൃത്തി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. വിജിൻ ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ പട്ടുവം പഞ്ചായത്തിൽ മംഗലശ്ശേരി പാടശേഖരത്തിൽ കുളവയലിൽ നിർമ്മാണത്തിലിരിക്കുന്ന വി.സി.ബി. കം ടാക്കർ വേ (വെന്റഡ് ക്രോസ് ബ്രിഡ്ജ് കം ടാക്കർ വേ) നിർമ്മാണപ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ; ഈ പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നാണ് വിലയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

മറുപടി: കല്യാശ്ശേരി മണ്ഡലത്തിലെ പട്ടുവം ഗ്രാമപഞ്ചായത്തിലെ മംഗലശ്ശേരി പാടശേഖരത്തിൽ കുളവയലിൽ വി.സി.ബി കം ടാക്കർ വേയുടെ നിർമ്മാണ പ്രവൃത്തിക്കായി 75 ലക്ഷം രൂപ ഭരണാനുമതി നല്കിയിരുന്നു. പ്രവൃത്തി ടെൻഡർ ചെയ്ത് കരാർ ഉടമ്പടിയിൽ ഏർപ്പെടുകയും 02/06/2026 ന് സൈറ്റ് കരാറുകാരന് കൈമാറുകയും ചെയ്തിരുന്നു. എന്നാൽ, കാലവർഷം ആരംഭിച്ചതിനെ തുടർന്ന് തോട്ടിലെ ജലനിരപ്പ് ഉയർന്നതിനാൽ പ്രവൃത്തി ആരംഭിക്കാൻ സാധിക്കാത്ത സാഹചര്യമാണുണ്ടായിരുന്നത്. തോട്ടിലെ ജലനിരപ്പ് കുറയുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കാവുന്നതും , എഗ്രിമെന്റ് പ്രകാരമുള്ള പൂർത്തീകരണ കാലാവധിയായ 01/06/2027 നുള്ളിൽ പൂർത്തീകരിക്കാവുന്നതുമാണ്.

(ബി) കല്ല്യാശ്ശേരി മണ്ഡലത്തിലെ കടന്നപ്പള്ളി-പാണപ്പുഴ പഞ്ചായത്തിലെ പൂരക്കടവ് റെഗുലേറ്റർ കം ടാക്കർ വേയുടെ മുകൾഭാഗത്തെ പാർശ്വസംരക്ഷണ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നാണ് വിലയിരുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

മറുപടി: കല്യാശ്ശേരി മണ്ഡലത്തിലെ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിലെ പൂരക്കടവ് റെഗുലേറ്റർ കം ടാക്കർ വേയുടെ മുകൾഭാഗത്തെ പാർശ്വസംരക്ഷണ ഭിത്തിക്കായി 10 ലക്ഷം രൂപയുടെ പ്രവൃത്തി ടെൻഡർ ചെയ്ത് കരാർ ഉടമ്പടിയിൽ ഏർപ്പെടുകയും പ്രവൃത്തിയുടെ സൈറ്റ് 15/08/2026 ന് കരാറുകാരന് കൈമാറുകയും ചെയ്തിരുന്നു. എന്നാൽ കാലവർഷത്തെ തുടർന്ന് പുഴയിൽ വെള്ളം ഉയർന്നതിനാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല. പ്രസ്തുത പ്രവൃത്തി 2026 നവംബർ മാസത്തിൽ ആരംഭിക്കാവുന്നതും എഗ്രിമെന്റ് പ്രകാരമുള്ള പൂർത്തീകരണ കാലാവധിയായ 14/02/2027 നുള്ളിൽ പൂർത്തീകരിക്കാവുന്നതുമാണ്.

സെക്ഷൻ ഓഫീസർ